ഇഹ്സാൻ

# നായക്ക് ജീവൻ പോകുന്നതു പോലെ....

**ബാബരി** മസ്ജിദ് തകർത്തതിന്റെ കുറ്റം കണ്ടെത്താൻ നിയോഗിച്ച ലിബർഹാൻ കമീഷൻ പൊതുഖജനാവിൽനിന്നും പണം പറ്റി 18 കൊല്ലം അടയിരുന്ന് ഒടുവിൽ 'ദൗത്യം' പൂർത്തിയാക്കി. കുറെ നുണയൻമാരെ സംരക്ഷിക്കാൻ ചാഞ്ഞും ചരിഞ്ഞും ഇഴഞ്ഞും മുന്നോട്ടുനീങ്ങിയ സുദീർഘമായ അന്വേഷണ കാലയളവിൽ അവർ കണ്ടെത്താതിരിക്കാൻ ശ്രമിച്ചത് എന്തായിരുന്നുവെന്നതേ ഇനി അറിയാനുള്ളു. ജനങ്ങൾ സംശയിക്കുന്ന എന്തെങ്കിലും അദ്ദേഹം പുറത്തുകൊണ്ടുവരുമെന്ന് കരുതാനാവില്ല. 1992ൽ തകർക്കപ്പെടുകയും '93ൽ അന്വേഷണം ആരംഭിക്കുകയും ചെയ്ത ഈ കമീഷനിൽ മുഖ്യപ്രതികൾ രണ്ടുപേരും വിസ്തരിക്കപ്പെടുന്നത് 10 വർഷം കഴിഞ്ഞിട്ടായിരുന്നു. തെളിവെടുപ്പിന് ഹാജരാവുന്നതിൽനിന്ന് രക്ഷപ്പെടാൻ സംഭവകാലത്തെ യു.പി മുഖ്യമന്ത്രി കല്യാൺ സിംഗ് ഹൈക്കോടതിയെ സമീപിക്കുക പോലും ചെയ്തു. നിയമത്തിന്റെ പിടിയിൽനിന്നും കുതന്ത്രങ്ങളിലൂടെ വർഷങ്ങളോളം കുതറിമാറിയ എൽ.കെ അദ്വാനി ഒടുവിൽ മുരത്ത നുണ പറഞ്ഞ് കമീഷനിൽനിന്ന് തടിയൂരി. അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ ദുഃഖദിവസമായിരുന്നു പോലും അത്.

അദ്വാനി മാത്രമല്ല സംഘ്പരിവാറിന്റെ തലമൂത്ത ആചാര്യൻ തൊട്ടിങ്ങോട്ടുള്ള മുഴുവൻ കുറ്റവാളികൾക്കും ലിബർഹാനിലെത്തിയപ്പോൾ ബാബറിനോടുള്ള വിരോധം ആവിയായി പോയിരുന്നു. ആർ.എസ്.എസ് നേതാവായ സുദർശൻ പറഞ്ഞത് അവിടെ ബോംബുപൊട്ടിയാണ് ഒക്കെയും സംഭവിച്ചത് എന്നാണ്. ഹനുമാനെ സ്തുതിച്ച് കീർത്തനം പാടുന്ന തിരക്കിലായതു കൊണ്ട് മസ്ജിദ് വളപ്പിൽ എന്താണ് നടന്നതെന്ന് ഉമാഭാരതി കണ്ടതേയില്ല. കുറെ വർഷം മുമ്പേ നടന്ന കാര്യമാകയാൽ ജോഷിക്കും കല്യാൺസിംഗിനും അന്ന് നടന്ന കാര്യങ്ങൾ വേണ്ടപോലെ ഓർമയുണ്ടായിരുന്നില്ല. പാവങ്ങൾ... ഒരുപാട് വയസ്സായതല്ലേ! മുഗൾ ചക്രവർത്തിയായ ബാബർ ഹിന്ദുക്കളുടെ ക്ഷേത്രം തകർത്തുവെന്നും അങ്ങനെ നിർമിച്ച ബാബരി മസ്ജിദ് പൊളിച്ചു കളയേണ്ടതാണെന്നും ഇന്ത്യയിലുടനീളം പറഞ്ഞുനടന്ന് ആളെക്കൂട്ടിയവർ, ഈ മസ്ജിദ് ഇന്ന ദിവസം പൊളിക്കുമെന്ന് പ്രഖ്യാപിച്ച് ആളുകളെ ആട്ടിത്തെളിച്ചു കൊണ്ടുവന്നവർ, മസ്ജിദ് പൊളിക്കാൻ ഗൂഢാലോചന നടത്തിയ പകൽമന്യന്മാർ... എല്ലാവരും കമീഷന്റെ മുമ്പിലെത്തിയപ്പോൾ നല്ല പിള്ളകളായി. അവരെ വിസ്തരിക്കാൻ മടിച്ചും ഭയന്നും അഭിഭാഷകരുടെ ക്രോസ് വിസ്താരം 'ദേഹത്തു തട്ടുമ്പോൾ' താൻ ആഭ്യന്തരമന്ത്രിയാണെന്ന അദ്വാനിയുടെ വിരട്ടലിൽ വിറച്ചും നാട്ടുമ്പുറത്തുകാരുടെ ഭാഷയിൽ 'നായക്ക് ജീവൻ പോകുന്നതു പോലെ' പുറത്തുവന്ന റിപ്പോർട്ടാണിത്. നമിച്ചേ മതിയാകൂ...

ഹൈന്ദവ ഫാഷിസം പ്രതികളായ കേസുകളിൽ നമ്മുടെ രാജ്യത്ത് എല്ലാ അന്വേഷണ കമീഷനുകൾക്കും ഇങ്ങനെ പല തരം അസ്കൃതകളുണ്ട്. ഗുജറാത്ത് കലാപത്തെ കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് നാനാവതി കമീഷനെ പോലെ നിർലജ്ജം ഫാഷിസ്റ്റുകളെ വെള്ളപൂശിയവരുമുണ്ട്. ഗോധ്രസംഭവം ഗൂഢാലോചനയാണെന്നതിന് നാനാവതി ചൂണ്ടിക്കാട്ടിയ ഏക സാക്ഷിമൊഴി എങ്ങനെയാണ് ഗുജറാത്ത് പോലീസ് ഒപ്പിച്ചെടുത്തതെന്ന് അക്കാലത്ത് *തെഹൽക്ക* പുറത്തുകൊണ്ടുവന്നിരുന്നു. സംഭവത്തിൽ ഉൾപ്പെട്ടവർക്കെതിരെ മൊഴി നൽകാൻ പോലീസ് തനിക്ക് പണം നൽകിയെന്നാണ് ഈ സാക്ഷി *തെഹൽക്ക*യോട് വെളിപ്പെടുത്തിയത്. ഈ ഒറ്റ സാക്ഷിയെ ഉൾപ്പെടുത്തി സംഭവത്തെ കുറിച്ച മോഡിഭാഷ്യം സത്യപ്പെടുത്താനാണ് പൊതുഖജനാവിൽനിന്നും നാനാവതി കോടികൾ പിടുങ്ങിയത്. ഇയാളുടെ മൊഴിയെ ദുർബലമാക്കുന്ന എണ്ണമറ്റ സാഹചര്യ തെളിവുകളും റെയിൽവേയുടെ തന്നെ അന്വേഷണ റിപ്പോർട്ടും ഫോറൻസിക് റിപ്പോർട്ടുമൊക്കെ കമീഷൻ ചവറ്റുകുട്ടയിലിട്ടു. ഇത്ര പ്രമാദമായ ഒരു സംഭവത്തെ കുറിച്ച് ഇങ്ങനെയൊരു അന്വേഷണ റിപ്പോർട്ടുണ്ടാക്കിയിട്ടും രാജ്യത്ത് ഒരു ചുക്കും സംഭവിച്ചില്ല. ഈ വൃത്തികേട് പുറത്തുവന്ന ദിവസം 'യാദൃഛികമായി' ഉണ്ടായ ദൽഹി ഭീകരാക്രമണമായിരുന്നുവല്ലോ പിറ്റേ ദിവസത്തെ പ്രധാനവാർത്ത.

ലിബർഹാൻ കമീഷനിലെത്തി അദ്വാനി നടത്തിയ ഇരട്ടത്താപ്പുകൾ ചോദ്യം ചെയ്ത അഭിഭാഷകന് ഒടുവിൽ ചുമതലയിൽ നിന്നും വിട്ടുപോരേണ്ടി വന്നു. അദ്വാനി പലപ്പോഴും നുണ പറയുകയാണെന്ന് കമീഷനിൽ സ്ഥാപിക്കാൻ ശ്രമിച്ചതായിരുന്നു ഇദ്ദേഹത്തിന് വിനയായത്. സംഭവത്തിൽ തനിക്ക് ദുഃഖമുണ്ടെന്ന് ഒരു ഭാഗത്ത് മൊഴി നൽകിയ അദ്വാനി മറ്റൊരിക്കൽ സംഭവത്തെ ന്യായീകരിച്ചു. 1984ലെ സിഖ് കലാപത്തേക്കാൾ ഒട്ടും ഗൗരവമുള്ളതല്ല ബാബരി മസ്ജിദ് ധ്വംസനമെന്നായി പത്തു ദിവസം നീണ്ട വിസ്താരത്തിനിടയിൽ ഒരു ദിവസം അദ്വാനിയുടെ കമന്റ്. മതപരമായ വിഷയങ്ങളിൽ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തിട്ടുണ്ടെന്നും അദ്വാനി തട്ടിവിട്ടു. നെഹ്റുവിന്റെ മന്ത്രിസഭയിൽ അംഗമായിരുന്ന കെ.എം മുൻഷി സോമനാഥ് ക്ഷേത്രനിർമാണത്തിന് വേണ്ടി വിദേശരാജ്യങ്ങളിലെ ഇന്ത്യൻ എംബസികളോട് സഹായം തേടിയിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ സംഭവത്തിന്റെ ഒരു വശം മാത്രമാണ് അദ്വാനി പറയുന്നതെന്ന് സ്ഥാപിച്ച്, ഈ മുൻഷിയെ കടുത്ത ഭാഷയിൽ വിമർശിച്ച് നെഹ്റു അയച്ച കത്ത് മറുപക്ഷത്തെ അഭിഭാഷകൻ അനുപം ഗുപ്ത ഹാജരാക്കിയപ്പോൾ 'ഞാൻ മറുപടി പറയേണ്ടതില്ലാത്ത അനാവശ്യമായ തടസ്സവാദങ്ങളാണ് ഇയാൾ ഉന്നയിക്കുന്നതെന്ന്' കയർത്ത് അദ്വാനി രക്ഷപ്പെടുകയാണ് ചെയ്തത്.

ബാബരി മസ്ജിദ് തകർത്തതിനെതിരെ ഘോരഘോരം മൊഴി നൽകിയ മുലായം സിംഗ് യാദവും അന്നത്തെ ശത്രുവും ഇന്നത്തെ മിത്രവുമായ കല്യാൺ സിംഗുമാണ് കാലത്തിന്റെ മലവെള്ളപ്പാച്ചിലിൽ ഒരേതീരത്ത് ഇപ്പോൾ തുഴഞ്ഞടിഞ്ഞവർ. കമീഷന്റെ മുഴുവൻ കണ്ടെത്തലുകൾക്കും താൻ തക്കതായ മറുപടി നൽകുമെന്ന് കല്യാൺ സിംഗ് പ്രസ്താവനയിറക്കിയിട്ടുണ്ട്. മുലായം അവസരത്തിനൊത്ത് മൗനം പാലിക്കുന്നു. അഥവാ കമീഷൻ കല്യാൺ സിംഗിനെ കുറ്റപ്പെടുത്തുകയാണെങ്കിൽ മറുപടി പ്രസ്താവന അന്ന് പുറത്തിറക്കാമെന്നാവും 'നേതാജി' ഇപ്പോൾ ആലോചിക്കുന്നുണ്ടാവുക. മതേതരവാദികളുടെ എക്കാലത്തെയും ചാമ്പ്യൻ ഒടുവിൽ എത്തിപ്പെട്ട ഗതികേട് നോക്കണേ! ■